പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2128 08/03/2018 - ൽ മറുപടിക്ക്

## സഹകരണ വിജിലൻസിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ) | സഹകരണ മേഖലയിലെ അഴിമതിയും തട്ടിപ്പും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | എ) | സഹകരണ സംഘങ്ങളിലെ അഴിമതിയും ക്രമക്കേടും തടയുന്നതിനായി യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ എന്നിവർ സംഘങ്ങളിൽ മിന്നൽ പരിശോധനയും വിശദപരിശോധനയും നടത്തി വരുന്നു.<br><br>യൂണിറ്റ്/ കൺകറന്റ് ആഡിറ്റർമാർ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹിക്കുകയും, ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണ വിഭാഗത്തിന് നടപടികൾക്കായി ശുപാർശ ചെയ്യുകയും ചെയ്യുന്നു.<br><br>സഹകരണ ആഡിറ്റ് വിഭാഗത്തിൽ നിന്ന് ഏതെങ്കിലും സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളിന്മേൽ സഹകരണ നിയമ പ്രകാരമുള്ള നടപടികൾ ശുപാർശ ചെയ്യപ്പെടുകയോ, യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ) ..., ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ എന്നിവർ നടത്തുന്ന പരിശോധനകളിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയോ സംഘങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65,66, 68(1) പ്രകാരമുള്ള പരിശോധന/അന്വേഷണങ്ങൾ നടത്തുകയും, ടി അന്വേഷണങ്ങളിൽ എന്തെങ്കിലും ക്രമക്കേടുകൾ |

| | | | |
|---|---|---|---|
| | | | നടന്നിട്ടുള്ളതായി കണ്ടെത്തുന്ന പക്ഷം, ടി സംഘത്തിനുണ്ടായ സാമ്പത്തിക നഷ്ടം ആയതിന് ഉത്തരവാദികളായവരിൽ നിന്നും വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് നടപടികളിലൂടെ ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു.<br><br>സ്വർണ്ണ പണയ വായ്പകളിൽ ഈട് നൽകിയിട്ടുള്ള പണയ വസ്തുക്കളുടെ പരിശോധനയും കാലാകാലങ്ങളിൽ നടത്തി വരുന്നു. കൂടാതെ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന സഹകരണ വിജിലൻസ് സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ നടക്കുന്ന ക്രമക്കേടുകളിന്മേൽ ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്തുകയും, സഹകരണ വിജിലൻസിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |
| ബി) | സഹകരണ വിജിലൻസിന്റെ പ്രവർത്തനം തൃപ്തികരമാണോ; അല്ലെങ്കിൽ പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ? | ബി) | സഹകരണ വിജിലൻസിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ